(ബി) ഈ പി.എച്ച്.സി.-യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഒമാന്നൂർ ബ്ലോക്ക് പി.എച്ച്.സി.-യുടെ കീഴിലുള്ള മിനി പി.എച്ച്.സി.-യാണ് വാഴക്കാട് പി.എച്ച്.സി. ഇവിടെ ഐ.പി. നടത്താൻ ആവശ്യമായ സ്റ്റാഫും കെട്ടിട സൗകര്യവും നിലവിലില്ല. മിനി പി.എച്ച്.സി.-യിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ നിർവ്വാഹമില്ല.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

132 [1709] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ 15 വർഷം മുമ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മതിയായ ജീവനക്കാരും സൗകര്യവും ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊണ്ടോട്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിഎച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സിഎച്ച്.സി.-കളുടെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിയമിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും കൊണ്ടോട്ടി സി.എച്ച്.സി.-യിൽ കൂടുതൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം ആവശ്യാധിഷ്ഠിതമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly